**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4051** **24.08.2017-ൽ മറുപടിക്ക്**

**സ്വകാര്യ ആശുപത്രികളിലെ ട്രെയിനിംഗ് നഴ്സുമാർ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) പഠനവും പരിശീലനവും പൂർത്തിയാക്കിയ നഴ്സുമാരെ സ്വകാര്യ ആശുപത്രികളിൽ ട്രെയിനിംഗ് നഴ്സുമാർ എന്ന പേരിൽ വർഷങ്ങളോളം കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) നിയമപ്രകാരം നഴ്സുമാരെ എത്ര വർഷം വരെ ട്രെയിനികൾ എന്ന പേരിൽ നിയമിക്കാമെന്നറിയിക്കാമോ; | (ബി) 23.05.2013-ലെ സ.ഉ.(സാധാ) നം.893/13/ തൊഴിൽ നമ്പർ ഉത്തരവിൻ പ്രകാരം പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന പകുതിയോളം നഴ്സുമാർക്ക് നിയമന ഉത്തരവ് നൽകാതെ അവർക്ക് അർഹതപ്പെട്ട ഇ.എസ്.ഐ, ഇ.പി.എഫ് ആനുകൂല്യം നിഷേധിക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) പരിശോധിക്കും. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം, ആനുകൂല്യങ്ങൾ, നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ് എന്നിവ നൽകുന്നില്ല എന്ന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും സ്ഥാപന പരിശോധനകളിലൂടെ ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 27/05/2017-ന് സംസ്ഥാനത്തെ 100 സ്വകാര്യ ആശുപത്രികളിൽ തൊഴിൽ വകുപ്പ് സ്പെഷ്യൽ പരിശോധന നടത്തുകയും കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.